# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2279 8/12/2015-ൽ മറുപടിക്ക്**

# വൈദ്യുതാഘാതമേറ്റ് മരണപ്പെട്ടവർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. കെ.എസ്.സലീഖ | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |

(എ) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം നാളിതുവരെ വൈദ്യുതി ലൈനുകൾ, ഡൊമസ്റ്റിക് കണക്ഷൻ നെറ്റ് വർക്ക് കേബിളുകൾ എന്നിവയിൽ നിന്നും വൈദ്യുതാഘാതമേറ്റ് മരണപ്പെട്ടവർ ആകെ എത്ര ; ഇതിൽ വൈദ്യുതി വകുപ്പ് ഉദ്യോഗസ്ഥർ, താല്ക്കാലിക ജീവനക്കാർ, കരാർ തൊഴിലാളികൾ, സാധാരണക്കാർ എത്ര വീതമെന്ന് തരം തിരിച്ച് വ്യക്തമാക്കുമോ; ഇത്തരത്തിൽ മരണപ്പെട്ടവരുടെ കുടുംബത്തിന് എന്തൊക്കെ സഹായങ്ങൾ നല്കി ;വ്യക്തമാക്കുമോ ;

(എ) മരണപ്പെട്ടവരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വൈദ്യുതി വകുപ്പ് സ്ഥിരം ജീവനക്കാർ | 55 |
| കരാർ തൊഴിലാളികൾ | 62 |
| പൊതുജനങ്ങൾ | 751 |
| **ആകെ** | **868** |

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിനു കീഴിൽ ജോലി ചെയ്യവെ മരണപ്പെട്ട വൈദ്യുതി വകുപ്പ് സ്ഥിരം ജീവനക്കാർ, കരാർ തൊഴിലാളികൾ എന്നിവരുടെ ആശ്രിതർക്ക് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമത്തിലെ വ്യവസ്ഥകൾക്കു വിധേയമായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നിന്നും ബോർഡ് ജീവനക്കാർക്കും കരാർ തൊഴിലാളികൾക്കും നല്കിയ ധനസഹായങ്ങളുടെയും ഇതര സഹായങ്ങളുടെയും (മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ്, ഇലക്ട്രിസിറ്റി ബോർഡ് തൊഴിലാളി ക്ഷേമനിധി) വിശദാംശങ്ങൾ അനുബന്ധം- 1, 2 ആയി ചേർത്തിട്ടുണ്ട്.

മേൽ സൂചിപ്പിച്ച ധനസഹായങ്ങൾക്ക് ഉപരിയായി മരണപ്പെട്ട ബോർഡ് ജീവനക്കാരുടെ ആശ്രിതർക്ക് കേരള സർക്കാരിന്റെ ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷുറൻസ് പദ്ധതി പ്രകാരം 10 ലക്ഷം രൂപ സംസ്ഥാന ഇൻഷുറൻസ് വകുപ്പിൽ നിന്നും നിബന്ധനകൾക്ക് വിധേയമായി ലഭിക്കുന്നതിന് അർഹതയുണ്ട്.

വൈദ്യുതാഘാതമേറ്റ് മരണപ്പെട്ട 751 പൊതുജനങ്ങളിൽ ബോർഡിന്റെ പ്രതിഷ്ഠാപനങ്ങളിൽ നിന്നും വൈദ്യുതാഘാതത്താൽ മരണപ്പെട്ടതായ 158 പേരുടെ അനന്തരാവകാശികൾക്ക് ആശ്വാസ ധനസഹായമായി 1,97,50,000/- രൂപ (ഒരു കോടി തൊണ്ണൂറ്റി ഏഴ് ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നിന്നും അനുവദിച്ചിട്ടുണ്ട്.

(ബി) ഇക്കാലയളവിനുള്ളിൽ വൈദ്യുതി ലൈൻ പൊട്ടിവീണതു മൂലവും ലൈനുകൾക്കിടയിൽ ചെന്നുപെട്ടതുമൂലവും കെ.എസ്.ഇ.ബി ഉദ്യോഗസ്ഥരുടെ അനാസ്ഥമൂലവും മരണപ്പെട്ട കന്നുകാലികൾ, വന്യമൃഗങ്ങൾ എന്നിവ എത്രയെന്ന് തരം തിരിച്ച് വ്യക്തമാക്കുമോ ;

(ബി) 164 കന്നുകാലികളും 2 വന്യമൃഗങ്ങളും വൈദ്യുതാഘാതമേറ്റ് മരണപ്പെട്ടതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഇത്തരം അപകടങ്ങൾ സംഭവിച്ചതിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ജീവനക്കാരുടെ ഭാഗത്ത് അനാസ്ഥയുണ്ടായതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

(സി) ഇത്തരത്തിൽ കൃത്യവിലോപം നടത്തിയ എത്ര കെ.എസ്.ഇ.ബി ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിച്ചുവെന്നും എപ്രകാരമുള്ള നടപടിയെന്നും അവർ ആരൊക്കെയെന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ ?

(സി) ഉൽപാദന-പ്രസരണ-വിതരണ വിഭാഗങ്ങളിലെ വിവിധ അച്ചടക്ക അധികാരികളുടെ കാര്യാലയങ്ങളിൽ നിന്നും ലഭ്യമായ വിവരങ്ങൾ പ്രകാരം കൃത്യ വിലോപത്തിന് നടപടി സ്വീകരിച്ച ജീവനക്കാരുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധം - 3 ആയി ചേർക്കുന്നു.

**സെക്ഷൻ ഓഫീസർ**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്